LIBRARY ARCHIVES Kerala Legislative Assembly

വെറ്ററിനറി കൗൺസിലിലെ നിയമനങ്ങൾ

182 (1598) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന വെറ്ററിനറി കൗൺസിലിലെ എൽ.ഡി. ക്ലർക്ക്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, ഡ്രൈവർ, പ്യൂൺ, പാർട്ട്-ടൈം-സ്വീപ്പർ തസ്തികകളിലേക്കുള്ള നിയമനം മൃഗസംരക്ഷണ വകുപ്പിലെ ജീവനക്കാരിൽ നിന്നുള്ള ഡെപ്യൂട്ടേഷൻ നിയമനമാണെന്ന 28-8-1997-ലെ സ.ഉ. (എംഎസ്.) നമ്പർ 2497/97/എഡി ഉത്തരവിലെ നിബന്ധന മാറ്റി ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) മേൽപറഞ്ഞ ഉത്തരവിനു വിരുദ്ധമായി വെറ്ററിനറി കൗൺസിലിലെ തസ്തികകളിൽ സർവ്വീസിൽനിന്നും വിരമിച്ചവരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത ചട്ടവിരുദ്ധ നിയമനം നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) സർക്കാർ തലത്തിൽ ഡെപ്യൂട്ടേഷൻ ഉത്തരവ് വരുന്നതുവരെ ടി തസ്തികകളിൽ ദിവസവേതനക്കാരെ താൽക്കാലികമായി നിയമിച്ചതായി കാണുന്നു. മൃഗസംരക്ഷണ വകുപ്പിൽനിന്നും സീനിയർ സൂപ്രണ്ട് തസ്തികയിൽ വിരമിച്ച ശ്രീ. റ്റി. സുകുമാരൻ എന്ന വ്യക്തി 1-10-2009 മുതൽ തുടർച്ചയായി 6-2-2015 വരെ ദിവസ വേതന അടിസ്ഥാനത്തിൽ ക്ലാർക്ക് തസ്തികയിൽ ഈ ഓഫീസിൽ ജോലി ചെയ്തിരുന്നു.

(സി) പരിശോധിക്കുന്നതാണ്.

ഏറനാട് അരീക്കോട് മൃഗാശുപത്രിക്ക് കെട്ടിടം

183 (1599) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏറനാട് മണ്ഡലത്തിലെ അരീക്കോട് വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മൃഗാശുപത്രിക്ക് പഞ്ചായത്തുവക സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് ആവശ്യപ്പെട്ട് പഞ്ചായത്ത് അപേക്ഷ നൽകിയിരുന്നോ ; വ്യക്തമാക്കുമോ ;

(ബി) എങ്കിൽ പ്രസ്തുത അപേക്ഷയിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ ;

(സി) നടപടിയൊന്നും സ്വീകരിച്ചിട്ടില്ലെങ്കിൽ, മൃഗാശുപത്രി കെട്ടിട നിർമ്മാണത്തിന് ഫണ്ട് അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നൽകിയിരുന്നു.

(ബി) ഏറനാട് മണ്ഡലത്തിലെ അരീക്കോട് വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മൃഗാശുപത്രിക്ക് പഞ്ചായത്തുവക സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ 15,17,120 രൂപയുടെ പ്രൂപാർശ ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

(സി) നടപടി സ്വീകരിച്ചുവരുന്നു.

ഗോരക്ഷാ പദ്ധതി

184 (1600) ശ്രീ. വർക്കല കഹാർ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗോരക്ഷാ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ ക്ഷീര കർഷകർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിച്ചുകൊണ്ടിരുന്നതെന്ന് വെളിപ്പെടുത്താമോ ;

(സി) പ്രസ്തുത പദ്ധതിയിൽ ക്ഷീര കർഷകരുടെയും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെയും വിഹിതം എത്ര വീതമാണെന്ന് വിശദമാക്കുമോ ;

(ഡി) ഗോരക്ഷാ പദ്ധതി ഇപ്പോൾ സംസ്ഥാനത്ത് തുടരുന്നുണ്ടോയെന്നറിയിക്കുമോ ?

ഉത്തരം

(എ) മാരകവും പകർച്ചവ്യാധികളുമായ കുളമ്പുരോഗം, കുരലടപ്പൻ, അടപ്പൻ, ബ്രൂസല്ലോസിസ് തുടങ്ങിയ രോഗങ്ങൾ നിയന്ത്രിക്കുന്നതിനുവേണ്ടിയുള്ള ഒരു സമഗ്ര പദ്ധതിയാണ് "ഗോരക്ഷാ" പദ്ധതി.

LIBRARY ARCHIVES Kerala Legislative Assembly